പതിമൂന്നാം കേരള നിയമസഭ

പതിനാലാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം : 3162 — 14. 07. 2015 ൽ മറുപടിക്ക്

## പുതിയ വൈദ്യുതി നിയമ ഭേദഗതി ബിൽ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. എ.കെ. ബാലൻ | ശ്രീ. ആര്യാടൻ മുഹമ്മദ് (ഊർജ്ജ വകുപ്പ് മന്ത്രി) |
| (എ) കേന്ദ്ര ഗവൺമെന്റിന്റെ പുതിയ വൈദ്യുതി നിയമ ഭേദഗതി ബിൽ നടപ്പായാൽ കെ.എസ്.ഇ.ബി യെ പൊതുമേഖലയിൽ നില നിർത്താൻ കഴിയുമോ എന്ന് വ്യക്തമാക്കാമോ ; ആയതിന് സർക്കാർ എന്തെല്ലാം നടപടി കൾ സ്വീകരിക്കുമെന്ന് വിശദ മാക്കാമോ ? | (എ) പുതിയ വൈദ്യുതി നിയമ ഭേദഗതി ബില്ലിൽ നിലവിലുള്ള വിതരണ ലൈസൻസി ഒരു 'ഇൻകുമ്പന്റ്' വിതരണ ലൈസൻസിയായി തുടരണമെന്നും പുതിയ സപ്ലൈ ലൈസൻസികൾ വിതരണം നടത്താൻ താല്പര്യപ്പെടാത്ത മേഖലകളിൽ ഇൻകുമ്പന്റ് ലൈസൻസി വൈദ്യുത വിതരണം നടത്തണമെന്നും വിവക്ഷിച്ചിട്ടുണ്ട്. അതുകൊണ്ട് കെ.എസ്.ഇ.ബി.യെ പൊതുമേഖലയിൽ നിലനിറുത്താൻ തടസ്സമില്ല. എന്നാൽ ഈ നിയമം നടപ്പിലായാൽ താഴെപ്പറയുന്ന സാഹചര്യം ഉണ്ടാകാനിടയുണ്ട്.<br><br>(1) പുതിയ സപ്ലൈ ലൈസൻസികൾ നിലവിൽ വരുമ്പോൾ, ഉയർന്ന നിരക്കിൽ വൈദ്യുതി ഉപയോഗിക്കുന്ന വാണിജ്യ ഉപഭോക്താക്കളും അതുപോലെയുള്ള മറ്റു ഉപഭോക്താക്കളുംപുതിയ സപ്ലൈ ലൈസൻസികളിലേയ്ക്ക് പോകുകയും, കുറഞ്ഞ നിരക്കിൽ വൈദ്യുതി ഉപയോഗിക്കുന്ന ഭൂരിപക്ഷം വരുന്ന ഗാർഹിക ഉപഭോക്താക്കളും, ഉയർന്ന നിരക്കിൽ സബ് സിഡി ലഭിക്കുന്ന ദുർബല വിഭാഗ ഉപഭോക്താക്കളും മാത്രം ഉൾപ്പെടുന്ന ഒരു 'ഇൻകമ്പന്റ്' വിതരണ ലൈസൻസി മാത്രമായി കെ.എസ്.ഇ.ബി ലിമിറ്റഡ് മാറും.<br><br>ദുർബല വിഭാഗങ്ങൾക്കും, ഗാർഹിക ഉപഭോക്താക്കൾക്കും കുറഞ്ഞ നിരക്കിൽ വൈദ്യുതി നൽകാൻ |

നിർബന്ധിതമായ സർക്കാർ മേഖലയിലുള്ള കെ.എസ്.ഇ.ബി ലിമിറ്റഡ് നഷ്ടത്തിലേക്ക് നീങ്ങുകയും, നിലവിലുള്ള സഞ്ചിത നഷ്ടം വർദ്ധിച്ച് സാമ്പത്തിക തകർച്ചയിലേയ്ക്ക് നീങ്ങും.

2) പുതിയ ഇൻർമീഡിയറി കമ്പനികൾ നിലവിൽ വരുമ്പോൾ വൈദ്യുതി ഉല്പാദകരും, ദീർഘമായി നിലനിൽക്കുന്ന കുറഞ്ഞ വിലയ്ക്കുള്ള വൈദ്യുതി വാങ്ങൽ കരാറുകൾ ഏകപക്ഷീയമായ റദ്ദാക്കലുകൾക്ക് വിധേയമാകാനും പ്രസ്തുത വൈദ്യുതി സ്വകാര്യ സപ്ലൈ ലൈസൻസികളുമായി പങ്കുവയ്ക്കുവാനും വ്യവസ്ഥ ചെയ്തിട്ടുള്ളത് കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് ലിമിറ്റഡിന്റെ മത്സരക്ഷമത തകർക്കും.

(3)പുതിയ സപ്ലൈ ലൈസൻസികളുടെ വരവോടുകൂടി, കെ.എസ്.ഇ.ബി ലിമിറ്റഡ് വിഭജിച്ച് സപ്ലൈ ലൈസൻസിയും വിതരണ ലൈസൻസിയും ആകും. ഇതുമൂലം ജീവനക്കാരുടെ എണ്ണം ഗണ്യമായി കുറയ്ക്കേണ്ടി വരും.

(4) ഗാർഹിക ഉപഭോക്താക്കൾക്കും മറ്റുമുള്ള ക്രോസ് സബ്സിഡി ഭാരമില്ലാത്ത പുതിയ സപ്ലൈ ലൈസൻസികൾക്ക് കെ.എസ്.ഇ.ബി ലിമിറ്റഡ് നൽകുന്ന വിലയേക്കാൾ കുറഞ്ഞ നിരക്കിൽ വാണിജ്യ വ്യാവസായിക വൈദ്യുതി ഉപഭോക്താ- ക്കൾക്ക് നൽകാനാവും. ഇതുവഴി കെ.എസ്.ഇ.ബി. ലിമിറ്റഡ് കൂടുതൽ നഷ്ടത്തിലേക്ക് നീങ്ങുകയും ചെയ്യും.

നിർദ്ദിഷ്ട ബില്ലിന്മേലുള്ള അഭിപ്രായങ്ങൾ പാർലമെന്റിന്റെ സ്റ്റാൻഡിംഗ് കമ്മിറ്റി മുമ്പാകെ കേരളം അറിയിച്ചിട്ടുണ്ട്.

മേൽപറഞ്ഞ ദോഷവശങ്ങൾ പരിഗണിക്കുമ്പോൾ കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് ലിമിറ്റഡി -നെ പൊതുമേഖലയിൽ നിലനിർത്താൻ തടസ്സമില്ലെങ്കിലും, അതിന്റെ മത്സരക്ഷമത കുറയുകയും ലാഭത്തിൽ പ്രവർത്തിക്കാനുള്ള സാദ്ധ്യത തീരെ

| | |
|---|---|
| | ഇല്ലാതാകുകയും ചെയ്യാൻ സാദ്ധ്യതയുണ്ട്. ഇത് പരിഹരിക്കാൻ സംസ്ഥാന സർക്കാരിന് ആകെ ചെയ്യാൻ കഴിയുന്നത് പുതിയ സപ്ലൈ ലൈസൻസികൾ ആരംഭിക്കുന്നതിനുള്ള നിബന്ധനകൾ കർക്കശമാക്കണമെന്ന നയപരമായ നിർദ്ദേശം റഗുലേറ്ററി കമ്മീഷന് നല്കുക മാത്രമാണ്. |

സെക്ഷൻ ഓഫീസർ